കവിത

# ഒരു ഓണമാസ രാത്രിയിൽ






## സുധീർ പണിക്കവീട്ടിൽ

മുറ്റത്തെ മുല്ലപൂക്കൾക്കെന്തൊരു മണമെന്ന്
ഉറക്കെ പറഞ്ഞപ്പോൾ ഉണർന്നു നിശീഥിനി
പൂനിലാ ചിരി പൊഴിച്ചവളങ്ങഴകോടെ
ചൊല്ലിയെൻ കാതിൽ നന്ദി മന്ത്രങ്ങൾ പ്രേമാർദ്രയായ്

സ്വാഗതം കവേ ! നിൽക്കൂ, ഇത്തിരി നേരം കൂടി
മാലോകർ പറയാത്ത സത്യങ്ങൾ പറയാനായ്.
കവിയെന്നെന്നെ നിശാസുന്ദരി വിളിച്ചപ്പോൾ,
സർഗ്ഗ സങ്കൽപ്പങ്ങളിൽ മുഴുകി നിന്നു ഞാനും

ഓണത്തിനൂഞ്ഞാൽ കെട്ടിയാടുമെൻ അയൽക്കാരി
എന്നുടെ നിൽപ്പിൽ പന്തി കേടുണ്ടെന്നൂഹിച്ചാവാം
അവൾ തൻ ആട്ടം നിന്നു, അവളോ മറയുന്നു
നിറയുന്നെൻെറ മനം കാവ്യ സമ്പാദ്യങ്ങളാൽ

തിളങ്ങും നിലാവുമാ രാത്രി തന്നടക്കവും
കോൾ മയിർകൊള്ളിച്ചെന്നെ അവിടെ നിർത്തിപ്പോയി
ഹ്രുദയം തുടി കൊട്ടി, പാടുവാനറിയാതെ
വാക്കുകൾക്കായി മനഃകോട്ട ഞാൻ കെട്ടീടവേ





നിത്യതാരുണ്യം വാരി പുതച്ച രജനിയെൻ
മാനസം മയക്കുമൊരുന്മാദ ഗീതം മൂളി
ആവരിയുരുവിട്ടിട്ടത്യന്താഹ്ലാദത്തോടെ
വിസ്മ്രുതനാകുമ്പോളെൻ ഭാര്യ തൻ നിഴലാട്ടം

കളഭ കുറിയിട്ട് കാർകൂന്തൽ മാടികെട്ടി
ചുറ്റിലും കണ്ണോടിച്ചിട്ടലസം ചോദിച്ചവൾ
പൂക്കളും നിലാവുമീ രാവിൻെറ സൗന്ദര്യവും
നിത്യവും നുകർന്നിട്ടും മതിയാകുന്നില്ലയോ?

അപ്പഴുതയലത്തെ ഊയ്യലാട്ടകാരിയും
എത്തി നോക്കുന്നു, ജന്നൽ പാളികൾ തുറക്കുന്നു
പരദാരത്തിൻ പാതിവ്രുത്യത്തിൻ കറക്കമാണ-
ന്യനെ ശങ്കിച്ചവർ ചഞ്ചലരായീടുന്നു

പ്രിയതൻ മുഖം മങ്ങി മ്ലാനയായവളെന്തോ
പറയാൻ ഭാവിച്ചത് വിഴുങ്ങി കളയവെ
അയൽക്കാരി വീണ്ടുമാ ജാലകപാളിക്കുള്ളിൽ
നയനം ഉടക്കുന്നു വെരുകായ് പരതുന്നു

പതിയെ അറിയുന്നോൾ പരസ്ത്രീ കാണിക്കുന്ന
പുച്ഛമാം നാട്യം കണ്ട് രസിച്ച് ചിരി തൂകി
അയൽക്കാരിക്കൊരൽപ്പം സന്തോഷം പകരുവാൻ
ഇങ്ങനെ പറഞ്ഞവൾ ഉച്ചത്തിൽ അന്നാദ്യമായ്

പൂച്ചയെ പോലെ നിലാ പാൽ നക്കി കുടിക്കുന്നോ?
കണ്ണടച്ചിരുട്ടാക്കാൻ കവികൾ മിടുക്കന്മാർ
ഇതിനാണല്ലേ മുല്ല പൂക്കൾ തൻ പേരും ചൊല്ലി
നിത്യവും രാവിൽ തിരിമാലിയാം അങ്ങെത്തുന്നു.

## ശുഭം